## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T. 1549** **05/02/2019 -ൽ മറുപടിയ്ക്ക്**

## കാർഡമം രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീമതി ഇ.എസ്.ബിജിമോൾ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | ഏലം കർഷകർക്ക് സ്പൈസസ് (എ) ബോർഡിൽ നിന്നും വിവിധ & സർക്കാർ വകുപ്പുകളിൽ നിന്നും (ബി) കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഏലം നിയമപരമായി വിൽക്കുന്നതിനും നിർബ്ബന്ധമായും ആവശ്യമുള്ള കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | 24/04/2015 ലെ GO(Ms)72/2015/എഡി ഉത്തരവു പ്രകാരം കാർഡമം രജിസ്ട്രേഷൻ കാലാവധി എട്ട് വർഷമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ 1986 ലെ സ്പൈസസ് ബോർഡ് ആക്ട് എട്ടാം വകുപ്പിലെ രണ്ടാം ഉപവകുപ്പുപ്രകാരം കാർഡമം രജിസ്ട്രേഷൻ അധികൃതർ റദ്ദാക്കുന്നത് വരെ നില നിൽക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 1994 ലെ കേരള കാർഡമം എസ്റ്റേറ്റ് ഓണേഴ്സ് രജിസ്ട്രേഷൻ റൂൾസിൽ ഏലം രജിസ്ട്രേഷനുള്ള കാലാവധി നിശ്ചയിച്ചിട്ടില്ലാത്തതിനാലും 19/7/2018 ലെ സർക്കാർ ഉത്തരവ് (എംഎസ്) 96/2018/കൃഷി നമ്പർ ഉത്തരവു പ്രകാരം കാലാവധി 8 വർഷമായി നിജപ്പെടുത്തിയിരുന്ന 24/04/2015 ലെ GO(Ms)72/2015/എഡി നം. ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്.<br>എന്നാൽ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയപരിധിയും ഫീസ് ഘടനയും പുനർനിർണയിച്ചുകൊണ്ട് സർക്കാർ പുറത്തിറക്കിയ 29-2-2016 ലെ GO (Ms)No.35/2016/കൃഷി നം ഉത്തരവു നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിനും കാർഡമം രജിസ്ട്രേഷനുള്ള കാലപരിധി 31/3/2017 വരെ |
| (ബി) | എങ്കിൽ ഈ തടസ്സങ്ങൾ നീക്കി കാർഡമം രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | |

ദീർഘിപ്പിച്ചു നൽകിയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ കൂടുതൽ ചർച്ചകൾ നടത്തുന്നതിനായി ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെയും ബഹു.എം.എൽ.എയുടെയും സാന്നിധ്യത്തിൽ; സ്പൈസസ് ബോർഡ്, കർഷകരുടെ സംഘടനാപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ ഉന്നതതല ഉദ്യോഗസ്ഥർ, തുടങ്ങിയവരുടെ യോഗം വിളിച്ചുചേർത്ത് പ്രശ്നപരിഹാരത്തിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**